# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 297** — **10.12.2012 - ൽ മറുപടിയ്ക്ക്**

## വനിതാ ഹെൽപ്പ് ഡെസ്ക്കുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ഡി.സതീശൻ<br>ശ്രീ. എം.എ.വാഹീദ്<br>ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. സി.പി. മുഹമ്മദ് | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് വനിതാ ഹെൽപ്പ് ഡെസ്ക്കുകൾ പ്രവർത്തിക്കുന്നുണ്ടോ; വിശദമാക്കുക; | (എ) പ്രവർത്തിക്കുന്നുണ്ട്. പ്ലാൻ പദ്ധതിയുടെ ഭാഗമായി 2010-11, 2011-12 വർഷങ്ങളിലായി 150 വീതം 300 പോലീസ് സ്റ്റേഷനുകളിൽ അനുവദിച്ച വനിതാ ഹെൽപ്പ് ഡെസ്ക്കുകളിൽ 70 പോലീസ് സ്റ്റേഷനുകളിൽക്കൂടി നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാകാനുണ്ട് ബാക്കി 230 പോലീസ് സ്റ്റേഷനുകളിൽ വനിതാ ഹെൽപ്പ് ഡെസ്ക്കുകൾ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) ഇവയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ; | (ബി) അക്രമങ്ങൾക്ക് ഇരയാകുന്ന സ്ത്രീകൾക്ക് അവരുടെ പരാതികളും പ്രശ്നങ്ങളും യാതൊരു മടിയും കൂടാതെ പറയുന്നതിനും അതിനു വേണ്ട നിയമപരമായ നടപടികൾ സ്വീകരിക്കുന്നതിനും, സ്ത്രീകൾക്ക് സഹായകരമായ രീതിയിൽ സൗഹാർദ്ദപരമായ അന്തരീക്ഷം സൃഷ്ടിച്ച് അവർക്ക് വേണ്ട സുരക്ഷ ഉറപ്പ് വരുത്തുക എന്നതുമാണ് വനിതാ ഹെൽപ്പ് ഡെസ്ക്കുകളുടെ ഉദ്ദേശ ലക്ഷ്യം. |

| | | |
|---|---|---|
| (സി) വനിതകളുടെ സുരക്ഷയ്ക്ക് എന്തെല്ലാം സൗകര്യങ്ങളാണ് ഇവിടെ നിന്നും ലഭിക്കുന്നത്; വിശദമാക്കുമോ; | (സി) | സ്ത്രീകളായ പരാതിക്കാർക്ക് പോലീസ് സ്റ്റേഷനിലെ നടപടിക്രമങ്ങളിൽ പോകാതെ തന്നെ പരാതികൾ അയയ്ക്കുന്നതിന് സഹായകരമായ രീതിയിൽ പരാതി കാർഡുകൾ അച്ചടിച്ച് വിതരണം ചെയ്തിട്ടുണ്ട്. ഇത്തരം കാർഡ് മുഖേന വനിതാ ഹെൽപ്പ് ഡെസ്ക്കിൽ ലഭിക്കുന്ന പരാതികളിൽ വനിതാ പോലീസിന്റെ സാന്നിദ്ധ്യം ഉറപ്പ് വരുത്തിക്കൊണ്ട് തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ വനിതാ ഹെൽപ്പ് ഡെസ്ക്കിൽ നേരിൽ വരുന്ന പരാതികൾക്കും മറ്റും ആവശ്യമായ നിയമ നടപടികൾ സ്വീകരിക്കുകയും, കൂടാതെ കൗൺസിലിംഗ് ആവശ്യമായിട്ടുള്ള സംഭവങ്ങളിൽ അതിനുള്ള സാഹചര്യവും സൃഷ്ടിച്ച് വരുന്നു. ഇതിനു പുറമേ അടിസ്ഥാന സൗകര്യമുള്ള സുരക്ഷിതമായ വിശ്രമ മുറി ഇവിടങ്ങളിൽ വനിതകൾക്കായി സജ്ജീകരിച്ചിട്ടുണ്ട്. |
| (ഡി) ഈ സർക്കാരിന്റെ കാലത്ത് എത്ര വനിതാ ഹെൽപ്പ് ഡെസ്ക്കുകൾ പുതുതായി ആരംഭിച്ചിട്ടുണ്ട്? | (ഡി) | 2011-2012 ൽ 150 പോലീസ് സ്റ്റേഷനുകളിൽ വനിതാ ഹെൽപ്പ് ഡെസ്ക്കുകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകിയതിൽ 80 സ്ഥലങ്ങളിൽ പൂർണ്ണമായും സ്ഥാപിക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ 70 സ്ഥലങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കാനുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്ന മുറയ്ക്ക് അവയുടെ പ്രവർത്തനം ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ